# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

## 26.02.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8 മണിക്ക് സെക്രട്ടേറിയറ്റിലെ ചീഫ് മിനിസ്റ്റേഴ്സ് കോൺഫറൻസ് ഹാളിൽ ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. നഗരകാര്യവകുപ്പുമന്ത്രിയും ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയും യോഗത്തിൽ സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.02.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2013–14 വാർഷിക പദ്ധതിയിൽ ഇതുവരെ 2306 കോടി രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തുകൾ അലോട്ട്മെന്റിന്റെ 54 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾ 66 ശതമാനവുമാണ് ചെലവഴിച്ചത്. മുൻവർഷം ഇതേ കാലയളവിൽ ഗ്രാമപഞ്ചായത്തുകൾക്ക് 30 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 44 ശതമാനവും ചെലവാണ് ഉണ്ടായത്.

ഗ്രാമപഞ്ചായത്തുകൾ 1484 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 342 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 269 കോടി രൂപയും മുനിസിപ്പാലിറ്റികൾ 202 കോടി രൂപയും കോർപ്പറേഷനുകൾ 98 കോടി രൂപയുമാണ് ഈ വർഷം ഇതേവരെ ചെലവഴിച്ചത്

**2.2 പരിസ്ഥിതി വകുപ്പിന്റെ കുറിപ്പ്**

കഡസ്ട്രൽ ഭൂപടങ്ങൾ തയ്യാറാക്കാൻ ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിക്കാൻ അനുമതി നൽകണമെന്ന നിർദ്ദേശം പരിഗണിക്കുകയും പഞ്ചായത്ത് ഫണ്ട് ഈ ആവശ്യത്തിന് ഉപയോഗിക്കാൻ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

**2.3** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2014–15 വാർഷിക പദ്ധതി അംഗീകരിക്കുന്നതിന് ജില്ലാ ആസൂത്രണസമിതികൾ 2014 മാർച്ച് 20 വരെ യോഗം ചേരാവുന്നതാണെന്ന് തീരുമാനിച്ചു.

**2.4** ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ 2013–14–ൽ ത്രിതല പഞ്ചായത്തുകൾ ചെലവഴിക്കാൻ സാദ്ധ്യതയില്ലാത്ത പ്ലാൻ ഫണ്ട് ബ്ലോക്ക് പഞ്ചായത്തുകളിലെ ഐ.എ.വൈ. അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന കേന്ദ്ര–സംസ്ഥാന ഫണ്ടും പ്ലാൻ ഫണ്ടും, പൂരക പോഷകാഹാര ഇനത്തിൽ മടക്കിക്കിട്ടുന്ന തുകയും താഴെപ്പറയുന്ന പ്രകാരം ഐ.എ.വൈ. വീടുകൾക്ക് ചെലവഴിക്കാൻ അനുവാദം നൽകി തീരുമാനിച്ചു.

- 2011–12 ലെ ഐ.എ.വൈ. വീടുകൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾ 75000/– രൂപ നിരക്കിൽ ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തു നൽകുന്നതിന് പകരമായി ഉപയോഗിക്കാവുന്നതാണ്.

- 2012–13, 2013–14 എന്നീ വർഷങ്ങളിൽ യഥാക്രമം 75000/–രൂപ, 50000/–രൂപ എന്ന നിരക്കിൽ സംസ്ഥാന സർക്കാർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ട തുകയ്ക്കു പകരമായി ഉപയോഗിക്കാം

- മുകളിൽ പറഞ്ഞ രണ്ടു ചെലവുകളും വഹിച്ചതിനുശേഷം തുക റീകൂപ്പ് ചെയ്യേണ്ടതില്ല.

**2.5** തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നടപ്പുസാമ്പത്തിക വർഷം ചെലവഴിക്കപ്പെടാൻ സാധ്യതയില്ലാതെ അവശേഷിക്കുന്ന തുക സോഷ്യൽ സെക്യൂരിറ്റി മിഷൻ പദ്ധതികൾ, ഇ.എം.എസ് ഭവന പദ്ധതിയുടെ മുതൽ, കേരള വാട്ടർ അതോറിട്ടി കുടിശ്ശിക തുടങ്ങിയവയ്ക്കായി വകയിരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ച് തീരുമാനിച്ചു.

**2.6** ഭവന നിർമ്മാണ സഹായം ലഭിക്കുന്ന ഗുണഭോക്താക്കൾ വസ്തുവും വീടും കൈമാറുകയില്ല എന്നു കാണിച്ച് രജിസ്റ്റർ ചെയ്യുന്ന കരാറിന് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കാൻ 07.03.2013–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം 3.14 ഇനമായി നിർദ്ദേശിച്ചിരുന്നെങ്കിലും തത്സംബന്ധമായ ഫയൽ ഇപ്പോഴും തീരുമാനമാകാതെ നികുതി വകുപ്പിലാണെന്ന് നിരീക്ഷിച്ചു. പിന്നീട് 30.10.2013–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗിത്തിൽ ഇനം 2.5 പ്രകാരം ഈ വിഷയത്തിൽ കാബിനറ്റ് നോട്ട് തയ്യാറാക്കാൻ നിർദ്ദേശിച്ചിരുന്നതാണ്. അതിനാൽ വിഷയം അടുത്ത കാബിനറ്റ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ അടിയന്തിരമായി കാബിനറ്റ് നോട്ട് തയ്യാറാക്കാൻ യോഗം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**2.7** 2014–15 വാർഷിക പദ്ധതി തയ്യാറാക്കി ഫെബ്രുവരി 22–ന് ഡി.പി.സി. അംഗീകാരം നേടിയ തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്ത് 2014 ഏപ്രിൽ 1–ന് പദ്ധതി നിർവഹണം ആരംഭിക്കാൻ ഉദ്ദേശിച്ചെങ്കിലും പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടിയന്തിരമായി തയ്യാറാക്കി ടെണ്ടർ ചെയ്യുന്ന കാര്യത്തിൽ സംശയ നിവൃത്തി വരുത്തണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. ഇത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായതിനാൽ വിശദമായ ചർച്ചയ്ക്കുശേഷം താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടു. നിലവിലുള്ള പി.ഡബ്ല്യു.ഡി. ഡാറ്റ ഉപയോഗിച്ച് 2012 SOR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് 15 ശതമാനംവരെ അധിക തുക വകയിരുത്തി അംഗീകാരം വാങ്ങാവുന്നതാണ്. സാങ്കേതികാനുമതി വാങ്ങുന്ന സമയത്ത് CPWD, MoRD,MoRTH ഡാറ്റകൾ ഉപയോഗിക്കേണ്ടതാണ്.

**2.8** അടുത്ത യോഗത്തിൽ സംസ്ഥാനത്തെ ഏക ട്രൈബൽ പഞ്ചായത്തായ ഇടമല ക്കുടിക്ക് പ്രത്യേക പാക്കേജ് പരിഗണിക്കേണ്ടതിനാൽ ചർച്ചയിൽ എസ്.റ്റി വകുപ്പ് സെക്രട്ടറിയുടെ സാന്നിദ്ധ്യം ഉണ്ടാകുന്നത് അഭിലഷണീയമാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 നന്മണ്ട ഗ്രാമപഞ്ചായത്ത് (ഫയൽ നം.9033/ഡി.എ2/13/തസ്വഭവ)**

എസ്.സി.പി, റ്റി.എസ്.പി. ഫണ്ടുകൾ പൂൾ ചെയ്യുന്നത് സംബന്ധിച്ച് കഴിഞ്ഞ കോഓർഡിനേഷൻ കമ്മിറ്റി നിയോഗിച്ച സമിതിയുടെ ശുപാർശ ലഭ്യമാകുന്നത നുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ നം.61765/ഡി.ബി3/13/തസ്വഭവ)**

വിതുര ജഴ്സി ഫാമിന്റെ ആവശ്യത്തിന് അത്യാവശ്യഘട്ടങ്ങളിൽ വാടകയ്ക്ക് വാഹനമെടുക്കുന്നതാണ് ഉചിതമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.9911/ഡി.ഡി2/14/തസ്വഭവ)**

പൂരക പോഷകാഹാര പദ്ധതികൾക്ക് ചെലവാക്കിയതിന്റെ ആനുപാതികമായി മടക്കിക്കിട്ടിയ 991408/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പദ്ധതികൾക്ക് ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.9872/ഡി.ഡി1/14/തസ്വഭവ)**

പൊതു തീരുമാനം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 വേങ്ങര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.79603/എഫ്.എം.3/13/തസ്വഭവ)**

തച്ചമാട് പ്രദേശത്ത് കുടിവെള്ളം എത്തിക്കാനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കടനാട് ഗ്രാമപഞ്ചായത്ത്**

ലാപ്ടോപ്/ കമ്പ്യൂട്ടർ എന്നിവ പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി കുട്ടികൾക്ക് നൽകിയാൽ മതിയെന്ന് നിശ്ചയിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കടനാട് ഗ്രാമപഞ്ചായത്ത്**

പുറമ്പോക്ക് നിവാസികളുടെ പുനരധിവാസത്തിനായി ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന വിധം സ്ഥലം വാങ്ങുന്നത് ഒരു പ്രത്യേക കേസായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ചുനക്കര ഗ്രാമപഞ്ചായത്ത്**

കുടിവെള്ള വിതരണത്തിന് ചെലവായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ഗുണഭോക്തൃ സമിതികൾ വഴിയുള്ള പ്രവൃത്തികളിലെ ആദായ നികുതി (ഫയൽ നം.8296/ഡി.എ1/14/തസ്വഭവ)**

ഗുണഭോക്തൃ സമിതികൾ വഴിയുള്ള പ്രവൃത്തികൾക്ക് ആദായ നികുതി ഒഴിവാക്കുന്നതിന് ഇൻകം ടാക്സ് കമ്മീഷണറുമായി ബന്ധപ്പെടാൻ കോട്ടയം ജില്ലാ കളക്ടറോട് നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് (ബഹു.ഒറ്റപ്പാലം എം.എൽ.എ ശ്രീ.എം. ഹംസ മുഖേന സമർപ്പിച്ചത്)**

അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ കസ്തൂർബ അംഗൻവാടി കെട്ടിടത്തിന്റെ ചുറ്റുമതിൽ, കിണർ നവീകരണം, ഇലക്ട്രിഫിക്കേഷൻ, ടൈലിംഗ് തുടങ്ങിയ പണികൾക്ക് വികസന ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ അധികമായി വകയിരുത്താനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം.77448/ഡി.ബി.2/13/തസ്വഭവ)**

ഗ്രാമപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിക്ക് ടെണ്ടർ എക്സസ് നൽകുന്ന കാര്യം വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 തിരൂർ നഗരസഭ**

വാഗൺ ട്രാജഡി ടൗൺ ഹാൾ നവീകരണ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പുത്തൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.8267/ഡി.എ1/14/തസ്വഭവ)**

മാവേലി സ്റ്റോറുകളുടെ വാടക നൽകാനുള്ള ആവശ്യം തനത് ഫണ്ടിൽ നിന്നു നൽകണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ്(CCDU) (ഫയൽ നം.8317/ഡി.എ1/14/തസ്വഭവ)**

സി.സി.ഡി.യു. ആവശ്യപ്പെടുന്ന കാര്യത്തിൽ ഇപ്പോൾ തന്നെ ഉത്തരവുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.3039/ഡി.ഡി1/14/തസ്വഭവ)**

പൊതു വിഷയം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പരിയാരം ഗ്രാമപഞ്ചായത്ത്     (ഫയൽ നം.57242/ഡി.എ2/13/തസ്വഭവ)**

2012–13 സാമ്പത്തിക വർഷം സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കിയ സാനിട്ടറി പ്രോജക്ടിന് സാധൂകരണം നൽകണമെന്ന ആവശ്യം നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ഒറ്റപ്പാലം നഗരസഭ (ഫയൽ നം.8965/എഫ്.എം.2/14/തസ്വഭവ)**

പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റിന് ധനസഹായം നൽകാനുള്ള ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ 2011–12–ലെ ഓപ്പണിംഗ് ബാലൻസ് ഒഴിവാക്കി 2012–13 മുതൽ രജിസ്റ്ററുകളിൽ ലഭ്യമായ ഓപ്പണിംഗ് ബാലൻസ് സാംഖ്യയിൽ ഉൾപ്പെടുത്താനുള്ള ആവശ്യം പരിഗണിക്കാൻ ഐ.കെ.എം നെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 എറണാകുളം റെഡ്ക്രോസ് ഭവന് ധനസഹായം**
**(ഫയൽ നം.78433/എഫ്.എം.3/13/തസ്വഭവ)**

പഞ്ചായത്ത് സംവിധാനത്തിന് പുറത്തുള്ള സംഘടനകളുടെ കത്തുകളും അപേക്ഷകളും കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ടെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം80042/ആർ.ഡി1/13/തസ്വഭവ)**

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരമുള്ള വെജിറ്റബിൾ മാർക്കറ്റ് കെട്ടിടം നിർമ്മാണത്തിനാണ് 20.01.2014–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം അംഗീകാരം നൽകിയതെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ആലപ്പുഴ ജില്ലാ പ ഞ്ചായത്ത്**

വിവിധ പദ്ധതികളിലെ സേവിംഗ്സ് തുക ഐ.എ.വൈ ഉൾപ്പെടെയുള്ള മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കുന്നത് പൊതു തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ജലഗതാഗതം വഴിയുള്ള കൺവേയൻസ് എസ്റ്റിമേറ്റ്സിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു

.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ളാലം ബ്ലോക്ക് പഞ്ചായത്ത്**

ളാലം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന സ്ക്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലന പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായതിനാൽ അംഗീകാരം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്**

2013-14 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗങ്ങൾ ഐ.എ.വൈ അധിക ധനസഹായമായി വകയിരുത്തിയ തുകയിൽ വേണ്ടത്ര ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ മിച്ചം വന്ന 8 ലക്ഷത്തോളം രൂപ 2012-13 സാമ്പത്തിക വർഷം കരാർ വച്ച പട്ടികജാതി ഗുണഭോക്താക്കൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത തുക ലഭ്യമാകാത്ത സാഹചര്യത്തിൽ ടി 8 ലക്ഷം രൂപ അവർക്ക് നൽകാൻ അനുമതി നൽകി തീരുമാനിക്കുകയും അതനുസരിച്ച് 2013-14-ലെ പദ്ധതി ഭേദഗതി ചെയ്ത് നടപ്പാക്കാനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.11479/എഫ്.എം.3/14/തസ്വഭവ)**

ഇ.എം.എസ് ഭവന പദ്ധതിയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക ഗ്രാമസഭ അംഗീകരിച്ച യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുടർ ഗഡുക്കൾ നൽകാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പള്ളം ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലും പട്ടികജാതി സങ്കേതങ്ങളിലും സോളാർ വിളക്കുകൾ സ്ഥാപിക്കാൻ 2013-14 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സി. അംഗീകാരം ലഭിച്ച 16/14, 31/14 എന്നീ പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റ് അംഗീകൃത ഏജൻസികൾ വഴി നടപ്പാക്കണമെന്ന വ്യവസ്ഥയോടെ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 05.03.2014 ന് രാവിലെ 8 AM ന് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***
***(യോഗം രാവലെ 9.30-ന് അവസാനിച്ചു)***